# അവൈദിക നേതൃതലത്തിലെ അഗാധമായ നിലവാരത്തകർച്ച

കെ. വി. മാമ്മൻ, കോട്ടയ്ക്കൽ, മാങ്ങാനം

**ആധുനിക കാലഘട്ടം ആയപ്പോഴേയ്ക്കും സഭാസ്നേഹം, ദൈവഭയം എന്നിവയേക്കാളുപരി തന്റേടവും തടിമിടുക്കും അടവുകളും കരുനീക്കങ്ങളും ഒക്കെയായി നേതൃത്വത്തിലേയ്ക്കു കടന്നുവരുവാൻ സഹായിക്കുന്ന ഗുണവിശേഷങ്ങൾ.**

ആരാണു മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയിലെ ഇന്നത്തെ അവൈദിക നേതാവ് എന്ന് ഒരു ക്വിസ് മത്സരത്തിൽ (വിജ്ഞാന പരിശോധന സംബന്ധിച്ച ചോദ്യം) ചോദിച്ചാൽ സഭാംഗങ്ങളിൽ ആർക്കുംതന്നെ, ഭൂതക്കണ്ണാടിയുടെ സഹായത്താൽപോലും ഉത്തരം പറയാനാവാത്ത സ്ഥിതിവിശേഷമാണു സംജാതമായിരിക്കുന്നത്. മറ്റൊരുതരത്തിൽ പറഞ്ഞാൽ “ആരാ നിങ്ങടെ നേതാവ്; എന്താ നിങ്ങടെ പരിപാടി” എന്നു പണ്ട് രാഷ്ട്രീയ രംഗത്ത് ആരോ ആരാഞ്ഞതുപോലെ ആ ചോദ്യത്തിനും ഇന്നു സഭയിലും പ്രസക്തി നഷ്ടപ്പെട്ടിരിക്കുന്നു.

മൗലിക വിശ്വാസാചാരങ്ങളിൽ മാറ്റം വരുത്തി ഈ സഭയിൽനിന്നു പാലക്കുന്നത്ത് ഏബ്രഹാം മല്പാന്റെ നേതൃത്വത്തിൽ പിരിഞ്ഞുപോയ മാർത്തോമ്മാ വിഭാഗത്തിനും, റാന്നി പെരുനാടു ബഥനി ആശ്രമ സ്ഥാപകരിൽ ഒരാളായ മാർ ഈവാനിയോസ് ആരംഭിച്ച റീത്തു പ്രസ്ഥാനത്തിനും, പുത്തൻകുരിശു കേന്ദ്രമാക്കിയുള്ള ശ്രേഷ്ഠ കാതോലിക്കായുടെ പുത്തൻ വിഭാഗത്തിനും ക്നാനായ ഭദ്രാസനത്തിനും, തൊഴിയൂർ സ്വതന്ത്ര സഭാ വിഭാഗത്തിനും കൽദായ വിഭാഗത്തിനും ഇന്നു സമുന്നത നേതൃത്വരാഹിത്യം ഉണ്ടെന്നു വ്യക്തമാണ്. വേണ്ടത്ര യോഗ്യതയുള്ള അവൈദികരുടെ അഭാവത്തിൽ ഷണ്ഡന്മാരെപ്പോലും നേതാവായി സ്വീകരിച്ചിട്ടുള്ളവരും ഇന്നുണ്ട്. സിറിയയിലെ ഓർത്തഡോക്സ് സഭയും പള്ളികളും പാത്രിയർക്കീസിന്റെ ആസ്ഥാനവും എല്ലാം ഭീകരന്മാരുടെ ബോംബാക്രമണങ്ങൾകൊണ്ടും രാസായുധ പ്രയോഗങ്ങൾ കൊണ്ടും തുടച്ചു നീക്കപ്പെട്ടതിനാൽ അവിടെ നേതൃത്വപ്രശ്നം വൈദിക-അവൈദിക തലങ്ങളിൽ ഒട്ടും ഇല്ല.

“മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച മലങ്കരസഭയിലെ അംഗങ്ങൾ ആയുധാഭ്യാസത്തിലും കലാവിദ്യകളിലും സന്മാർഗ്ഗനിഷ്ഠയിലും ഹിന്ദുസ്ഥാനിലെ സ്വദേശികളേക്കാൾ ഉൽക്കർഷം പ്രാപിച്ചവരായിരുന്നു. അവരിലെ കൃഷിക്കാർ തെങ്ങുകൃഷി ചെയ്തുവന്നു. കച്ചവടക്കാർ കുരുമുളകു വ്യാപാരം നടത്തി കുബേരന്മാരായി ത്തീർന്നു. പടയാളികൾ കുലീനന്മാരായ നായന്മാരേക്കാൾ മുമ്പന്മാരായിരുന്നു. കൊച്ചി രാജാവും, സാമൂതിരിപ്പാടും ഭയംകൊണ്ടോ ഉപകാരസ്മരണകൊണ്ടോ അവരുടെ പാരമ്പര്യപദവികളെ ബഹുമാനിച്ചുപോന്നു.”

സുപ്രസിദ്ധ ചരിത്രകാരനായ ഗിബ്ബൺ, പോർട്ടുഗീസുകാർ കേരളത്തിൽ എത്തുന്നതിനു മുമ്പുള്ള സുറിയാനി ക്രിസ്ത്യാനികളുടെ ജീവിതവൃത്തിയെ സംബന്ധിച്ചു 1776-ൽ പറഞ്ഞതാണിത്. “റോമൻ സാമ്രാജ്യത്തിന്റെ താഴ്ചയും വീഴ്ചയും” എന്ന പുസ്തകത്തിന്റെ 1787-ലെ പതിപ്പിന്റെ 836-ാം പേജ് കാണുക.

‘സെന്റ് തോമസിന്റെ കാലം മുതൽ ക്രിസ്തുവിശ്വാസത്തിൽ അനിതരസാധാരണമാം വിധം സ്ഥിരമായി നിൽക്കുന്നവരും മുപ്പതിനായിരം ഭടന്മാരെ വ്യൂഹങ്ങളാക്കി നിരത്തുന്നതിനും ത്രാണിയുള്ളവരായിരുന്നു സുറിയാനി ക്രിസ്ത്യാനികളെന്നു’ 1599 ഡിസംബർ 21-നു ഫാ. നിക്കലാസ് പിമന്റൊ എസ്. ജെ. എന്ന ജസ്വീട്ട് പാതിരി ഗോവയിലെ ജസ്വീട്ട് സംഘാധ്യക്ഷനയച്ച ഒരു കത്തിൽ പറയുന്നു. ഈ കത്ത് തിരുവിതാംകൂർ സ്റ്റേറ്റ് മാനുവൽ രണ്ടാം വാല്യത്തിൽ (പുറം 177) ഉദ്ധരിച്ചിട്ടുണ്ട്. സുറിയാനി ക്രിസ്ത്യാനികൾ വളരെയധികം വിലമതിക്കപ്പെട്ടിരുന്നു. ഒരു നാട്ടുരാജാവിന്റെ രാജ്യത്ത് എത്രയധികം നാട്ടുക്രിസ്ത്യാനികൾ ഉണ്ടായിരുന്നുവോ അത്രയധികം ചുറ്റുമുള്ള രാജാക്കന്മാർ ആ രാജാവിനെ ഭയപ്പെട്ടിരുന്നു. ക്രൈസ്തവർ അത്രമാത്രം വിശ്വസ്തരായിരുന്നു എന്നത്രെ ഫ്രാൻസിസ് ഡെയ് എന്ന ചരിത്രകാരൻ ‘ലാൻഡ് ഓഫ് പെരുമാൾസ്’ എന്ന ഗ്രന്ഥത്തിൽ ചൂണ്ടിക്കാട്ടുന്നത്. ബാരേത്തോ എന്ന എഴുത്തുകാരൻ പറയുന്നത് (1645) “പുറജാതിക്കാരായ രാജാക്കന്മാർ തങ്ങളുടെ രാജ്യത്തെ നസ്രാണികളെ വളരെ മേന്മയുള്ളവരായി കണ്ടിരുന്നു. അവർ അന്യരാജ്യങ്ങളുമായുള്ള കച്ചവടം, നാട്ടിലെ സൈന്യസേവനം മുതലായ ഉൽകൃഷ്ട ജീവിതവൃത്തികളിൽ ഏർപ്പെട്ടിരുന്നു.” മറ്റൊരു പ്രമുഖ ചരിത്രകാരനായ ഹൗ പറയുന്നത് “സുറിയാനിക്കാർ ചെറുപ്പം മുതൽക്കേ എണ്ണ ധാരാളം ഉപയോഗിക്കുന്നവരും സന്ധിബന്ധങ്ങളിലെല്ലാം എണ്ണതേച്ചു തിരുമ്മുന്നവരുമാകയാൽ അവർ വളരെ മെയ്വഴക്കമുള്ളവരും നല്ല ചുണക്കുട്ടികളുമാണ്. സുറിയാനിക്കാരുടെ വിശ്വസ്തത, സത്യസന്ധത, സാമർത്ഥ്യം, സൈനികപ്രാഗത്ഭ്യം എന്നിവയെ ഭരണാധികാരികൾ വിലമതിക്കുകയും സമാശ്രയിക്കുകയും ചെയ്തുവന്നു. അവർ എപ്പോഴും ശാന്തന്മാരുമായിരുന്നു” (ഇന്ത്യയിലെ ക്രിസ്തുമതചരിത്രം, പേജ് 324). ഒരു നാട്ടുരാജാവിന്റെ ശക്തി തന്റെ സൈന്യത്തിലെ ക്രിസ്ത്യാനികളുടെ സംഖ്യയെ ആശ്രയിച്ചിരുന്നു എന്നു കേരളീയ ചരിത്രകാരന്മാരായ ഇട്ടൂപ്പ് റൈട്ടർ, റവ. കുര്യൻ പാദ്രി, പത്മനാഭമേനോൻ, ആർ. നാരായണ പണിക്കർ മുതലായവരുടെ ചരിത്രഗ്രന്ഥങ്ങളും സാക്ഷിക്കുന്നുണ്ട്.

അടിയുറച്ച ഹൈന്ദവ സംസ്കാരത്തിനോ ശക്തരും വിദേശികളുമായ പോർട്ടുഗീസ്, ഡച്ച്, ഫ്രഞ്ച്, ഇംഗ്ലീഷ് ജനതകൾക്കോ കേരളത്തിലെ ക്രൈസ്തവരെ പൂർണ്ണമായി അടിച്ചമർത്തി ഇഷ്ടാനുസരണം ഭരിക്കാൻ സാധിക്കാഞ്ഞത് അവൈദിക സമൂഹത്തിന്റെ ശക്തമായ ചെറുത്തുനിൽപ്പുകൊണ്ടാണെന്നു ഇന്നുവരെയുള്ള ചരിത്രം തെളിയിക്കുന്നുണ്ട്. ചതുരോപായങ്ങൾ പ്രയോഗിച്ച പോർട്ടുഗീസുകാരുടെ കടന്നാക്രമണത്തെ ഒടുവിൽ കൂനൻകുരിശുസത്യം കൊണ്ടല്ലേ നസ്രാണികൾ തടഞ്ഞത്. കേരളത്തിലെ നസ്രാണികളെ കീഴടക്കാൻ ശ്രമിച്ച വമ്പന്മാരായ ഇംഗ്ലീഷുകാരെ മാവേലിക്കര പടിയോലയാകുന്ന പടവാളുകൊണ്ടു വരച്ചവരയിൽ നിറുത്താനും നമ്മുടെ പൂർവ്വികർക്കു സാധിച്ചു. അർക്കദിയാക്കോന്മാരും പിന്നീടു മെത്രാന്മാരും ആവശ്യമായ നേതൃത്വം നൽകി എങ്കിലും ശക്തരും പോരാട്ടശേഷിയുള്ള നസ്രാണി യുവാക്കളുമാണു മലങ്കരസഭയെ ഒരു കോട്ടപോലെ നിന്നുകൊണ്ടു രക്ഷിച്ചത്. ഇതിനിടയിൽ ഒട്ടധികം പേർ വീരചരമമടയുകയും തടവുകാരാക്കപ്പെടുകയും സഭാമാറ്റത്തിനു വിധേയരാകുകയും ചെയ്തിട്ടുള്ളതും ചരിത്രത്തിന്റെ ഭാഗമാണ്. ഒരു സഭയുടെ യഥാർത്ഥ ശക്തി അതിലെ സഭാസ്നേഹികളും ധാർമ്മിക ജീവിതത്തിനും ദൈവികകല്പനകൾക്കും സനാതന മൂല്യങ്ങൾക്കും പ്രാധാന്യം നൽകുന്നവരുമാണ്. പ്രയാസവേളകളിലും നല്ല കാലങ്ങളിലും അവർ സഭയെ പിൻതാങ്ങി ശക്തിപ്പെടുത്തുന്നതിനു മുൻപന്തിയിൽ ഉണ്ടായിരുന്നു. ഉന്നതമായ ദർശനമില്ലാതെ ജനം എവിടെ ജീവിക്കുന്നുവോ അവിടെ അവർ നശിക്കുമെന്നു എടുത്തുപറയേണ്ട കാര്യമില്ലല്ലോ.

പത്തൊൻപതും ഇരുപതും നൂറ്റാണ്ടുകളിൽ മലങ്കരസഭ നേരിട്ട പ്രശ്നങ്ങൾ ഗുരുതരങ്ങളും സഭയുടെ ഭാവിയെ സാരമായി ബാധിച്ചു അതിന്റെ വളർച്ചയ്ക്കു തടയിട്ടതുമാണ്. എന്നാൽ സംഭവങ്ങളുടെ ഗുരുതരസ്വഭാവം മനസ്സിലാക്കിയ അവൈദിക നേതാക്കളും ജനങ്ങളും സഭാദ്ധ്യക്ഷന്മാരുടെ പിമ്പിൽ പാറപോലെ ഉറച്ചുനിന്ന് അവർക്കു ശക്തമായ പിൻബലം നൽകിയപ്പോൾ മലപോലെ വന്ന ഭീഷണികൾ എലിപോലെ ഓടിമറഞ്ഞു എന്നതാണു യാഥാർത്ഥ്യം.

സിറിയൻ ഓർത്തഡോക്സ് സഭയുടെ കടന്നാക്രമങ്ങളും അധികാരമോഹങ്ങളും അതിരറ്റ ദ്രവ്യാഗ്രഹവും സഭയേയും പള്ളികളേയും കാൽക്കീഴാക്കാനും നടത്തിയ നെറികെട്ട കുതന്ത്രങ്ങളെ മലങ്കരസഭാദ്ധ്യക്ഷന്മാരും അവരെ ധീരപോരാളികളെപ്പോലെ സംരക്ഷിച്ച അവൈദികരും ചേർന്നു പരാജയപ്പെടുത്തി. അധികാരമോഹ തിമിരം ബാധിച്ച പാത്രിയർക്കീസന്മാരെ ലക്ഷ്മണരേഖയ്ക്കപ്പുറത്തു നിറുത്താനും കടലിനക്കരെത്തന്നെ തളച്ചിടാനും മലങ്കരസഭയ്ക്കു സാധിച്ചത് ധീരരായ നസ്രാണി നേതാക്കളുടെ സഭാസ്നേഹത്താൽ തിളച്ചുമറിഞ്ഞ സിരകളിലെ ചുടുരക്തത്തിന്റെ സമ്മർദ്ദം കൊണ്ടു മാത്രമാണെന്നു ചരിത്രം സാക്ഷിക്കുന്നു.

അന്യായമായ കേസുകൾ ഒന്നിനുപുറമേ മറ്റൊന്ന് എന്ന വിധത്തിൽ കൊടുത്തു മലങ്കരസഭയെ എല്ലാ തലത്തിലും ക്ഷീണിപ്പിച്ചപ്പോൾ വേണ്ടത്ര പണവും ഉപദേശങ്ങളും നൽകി സഭയുടെ നിലപാടുകളെ ഉറപ്പിക്കാൻ സഹായിച്ചതു അവൈദികരുടെ അകമഴിഞ്ഞ സാമ്പത്തിക സഹായം കൊണ്ടാണ്. മലങ്കരസഭ കേസുനടത്തിയത് വട്ടിപ്പണത്തിന്റെ പലിശയ്ക്കുവേണ്ടിയാണെന്നു വിവരദോഷികൾ പ്രചരിപ്പിച്ചിരുന്നു. പക്ഷെ കേസുകളുടെ പ്രധാന ലക്ഷ്യം മലങ്കരസഭയുടെ ജന്മസിദ്ധമായ സ്വാതന്ത്ര്യം അന്യൂനം പരിരക്ഷിക്കാനും തദ്വാരാ സഭയുടെ ക്രിസ്തീയ ദൗത്യം അഭംഗം നിർവഹിക്കുവാനുമാണ്. ഇതിനുവേണ്ടി രാപകലെന്യേ ദൈവാശ്രയത്തോടും ലക്ഷ്യബോധത്തോടും കണ്ണുനീർ താഴ്വരയിലൂടെ സഞ്ചരിച്ച മലങ്കരസഭാ ഭാസുരന്റെ ചുറ്റും സൂര്യന്റെ നാലുവശത്തും പ്രഭ തൂകി നിൽക്കുന്ന നക്ഷത്രങ്ങളെപ്പോലെ ഒരു പറ്റം അവൈദിക നേതാക്കൾ നില കൊണ്ടു ശക്തി പകർന്നപ്പോൾ പാത്രിയർക്കീസിനെപ്പോലെ എല്ലാ അധികാരങ്ങളുമുള്ള കാതോലിക്കാ മലങ്കരയിൽ ഉണ്ടായി. കാതോലിക്കായും കാതോലിക്കേറ്റും മലങ്കരയിൽ പ്രതിഷ്ഠിക്കപ്പെട്ടപ്പോൾ പാത്രിയർക്കീസിനു ഒരു പ്രത്യേക സാഹചര്യത്തിൽ നൽകിയിരുന്ന ആത്മിക അധികാരവും സ്ഥാനമഹിമയും എല്ലാം അസ്തമിച്ചു.

സഭാദ്ധ്യക്ഷനായ വട്ടശ്ശേരിൽ തിരുമേനിയുടെ വിമലകരങ്ങൾക്കു ശക്തി പകർന്ന ഒട്ടധികം പ്രമുഖ വ്യക്തികളിൽ കെ. സി. മാമ്മൻ മാപ്പിള, ഇ. ജെ. ജോൺ, ഇ. ജെ. പീലിപ്പോസ്, ഒ. എം. ചെറിയാൻ, എ. എം. വർക്കി, മൂക്കഞ്ചേരിൽ എം. പി. വർക്കി, എം. എ. ചാക്കോ, പത്രോസ് മത്തായി, മാരേട്ട് എ. പീലിപ്പോസ് ജഡ്ജി, ചിത്രമെഴുത്തു കെ. എം. വറുഗീസ് മുതലായവരെ സഭയ്ക്കു ഒരിക്കലും വിസ്മരിക്കാനാവില്ല.

വട്ടശ്ശേരിൽ തിരുമേനി മേല്പട്ടക്കാർക്കു കൂടുതൽ അധികാരം നൽകുന്ന സഭാഭരണഘടന തയ്യാറാക്കി എങ്കിലും അദ്ദേഹത്തിന്റെ കാലത്ത് അതു പാസ്സാക്കാൻ കഴിയാതെ വന്നതു മെത്രാപ്പോലീത്തായെ പിന്താങ്ങിവന്ന ശക്തരും സഭാസ്നേഹികളുമായ അവൈദിക നേതാക്കളുടെ എതിർപ്പുകൊണ്ടാണെന്നു മെത്രാപ്പോലീത്തായുടെ സെക്രട്ടറി *ദിവ്യശ്രീ മണലിൽ യാക്കോബ് കത്തനാരുടെ സഭാസ്മരണകളിൽ* പറയുന്നുണ്ട്. മെത്രാപ്പോലീത്തായുടെ കാലശേഷം 1934-ൽ സഭാഭരണഘടന അംഗീകരിക്കുകയും കാതോലിക്കാ ബാവായ്ക്കു മലങ്കര മെത്രാപ്പോലീത്താ സ്ഥാനം കൂടി നൽകുകയും ചെയ്തത് മേധാശക്തിയുള്ള അവൈദിക നേതാക്കൾ കൂട്ടായി ആലോചിച്ചു കൊണ്ടാണെന്നും ഓർക്കണം.

തിരു-കൊച്ചി ഹൈക്കോടതിയിൽ നിന്നു 1951-ൽ ഉണ്ടായ പ്രതികൂല വിധിയെ തുടർന്നു അന്നു കൽക്കട്ടയിൽ ആയിരുന്ന ബസേലിയോസ് ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാ ബാവായ്ക്കു തിരിച്ചു വരവെ കൊട്ടാരക്കര നിന്നു കോട്ടയം വരെ അവൈദിക സഹസ്രങ്ങൾ വഴിനീളെയും കോട്ടയത്തും നൽകിയ വമ്പിച്ച വരവേൽപ്പു സഭാചരിത്രത്തിലെ തിളക്കമാർന്ന ഒരു സംഭവമാണ്. തോൽവി മൂലം സ്വാഭാവികമായി വിഷാദവും മനഃപ്രയാസവും ഉണ്ടായ കാതോലിക്കാ ബാവാ പരാജയത്തിലും വിജയ സോപാനത്തിൽ ആരൂഢനായ ഒരു ചിത്രമാണ് ഈ വമ്പിച്ച സ്വീകരണ ഘോഷയാത്ര വരച്ചു കാട്ടിയത്.

കൂടാതെ തോറ്റ നേതാവിനു വിജയിച്ച പാത്രിയർക്കീസ് വിഭാഗത്തിന്റെ ശക്തികേന്ദ്രങ്ങളിൽ നൽകപ്പെട്ട (വിശിഷ്യ കുറുപ്പംപടിയിലും പിറവത്തും മറ്റും നൽകിയ) സ്വീകരണങ്ങൾ സഭാംഗങ്ങളിൽ ഉത്സാഹത്തിന്റെയും ശുഭപ്രതീക്ഷയുടെയും ആശാകിരണങ്ങളാണു വർഷിച്ചതെന്നു അവയിൽ സംബന്ധിച്ച എനിക്കു തറപ്പിച്ചു പറയാൻ സാധിക്കും. റോഡിന്റെ ഇരുവശങ്ങളിലും നിന്നുകൊണ്ടു കുറുപ്പംപടിക്കാർ പെരുമ്പാവൂർ മുതൽ സമ്മേളനരംഗമായ പ്രളയിക്കാടു മൈതാനംവരെ പ്രതിഷേധ മുദ്രാവാക്യങ്ങൾ വിളിച്ചു എങ്കിലും ബാവായെ എഴുന്നെള്ളിച്ചു നടത്തിയ അതിഗംഭീര ഘോഷയാത്രയുടെ ശോഭ കെടുത്താൻ എതിരാളികളുടെ നാക്കിനും വാക്കിനും തെല്ലും സാധിക്കാഞ്ഞത് സഭയിലെ പ്രബുദ്ധരായ അവൈദിക ലക്ഷങ്ങളുടെ സാന്നിധ്യം കൊണ്ടാണ്. സഭയെ ധീരതയോടു നയിച്ചുകൊള്ളുക എന്ന കെ. സി. മാമ്മൻ മാപ്പിള, സി. എം. സ്റ്റീഫൻ, സി. ഐ. നൈനാൻ, മാത്യു ഇഞ്ചക്കലോടി മുതലായ പ്രഭാഷണ തിലകന്മാരുടെ ആഹ്വാനം സഭയിലെ അവൈദിക നേതാക്കളുടെയും യുവജന വിഭാഗങ്ങളുടെയും മുഴങ്ങുന്ന ശബ്ദത്തിന്റെ പ്രതിധ്വനികൾ തന്നെയായിരുന്നു.

മുകളിൽ പറഞ്ഞ ഒന്നാംനിര നേതാക്കളുടെയും അവരെ പിന്തുടർന്നു വന്ന രണ്ടാം നേതാക്കളുടെയും പിൻബലം കൊണ്ടാണു മൂന്നും നാലും കാതോലിക്കാമാർക്കു സഭയിൽ സമ്പൂർണ്ണ സമാധാനവും ഒട്ടധികം ആദ്ധ്യാത്മിക പ്രവർത്തനങ്ങൾ ആരംഭിച്ചു ശക്തമായി നടപ്പാക്കാനും സാധിച്ചത്. വിദ്യാർത്ഥിപ്രസ്ഥാനം മേല്പട്ടക്കാരുടെ നഴ്സറിയായി വളർന്നു.

ആധുനിക കാലഘട്ടമായപ്പോഴേക്കും മേധാശക്തിയും കഴിവും താരതമ്യേന സഭാസ്നേഹവും കുറഞ്ഞവരാണു സഭയുടെ ഭരണതലത്തിൽ എത്തിച്ചേർന്നതെന്നതു ചരിത്രസത്യം. സമുന്നതരായ നേതാക്കളെ വളർത്തിയെടുക്കേണ്ട ഒരു ചുമതല എന്നും സഭയ്ക്കുണ്ടെന്നും അനുസ്മരിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഇന്നത്തെ സഭാ മാനേജിംഗ് കമ്മിറ്റിയിലും വർക്കിംഗ് കമ്മിറ്റിയിലും ഉള്ള പല അംഗങ്ങളും സഭാതലത്തിൽ അറിയപ്പെടുന്നവരല്ലെന്നുള്ളത് ഒരു വസ്തുതയാണ്. കഴിവും സഭാസ്നേഹവും ഉന്നതവിദ്യാഭ്യാസ യോഗ്യതയും ഉള്ളവർ ഇല്ലാത്തതുകൊണ്ടല്ല മൂന്നാംകിടക്കാരിൽ പലരും ഉന്നതഭരണസമിതികളിൽ കടന്നുകൂടുന്നത്. ഇവരെല്ലാംതന്നെ അനീതികൾക്ക് എതിരെ ശബ്ദിക്കുന്നവരല്ല. ഈ പ്രതിഭാസം സഭയ്ക്കു നേട്ടം കൈവരുത്തുകയില്ലെന്നു സമർത്ഥിക്കേണ്ട കാര്യമില്ല. സഭയുടെ സത്യവിശ്വാസാചാരങ്ങളും പവിത്രമായ പാരമ്പര്യങ്ങളും വേദശാസ്ത്രവും അറിയാവുന്നവരും കറയറ്റ സഭാസ്നേഹം ഉള്ളവരുമായിരിക്കണം ഭരണസമിതിയിൽ വരേണ്ടത്. (വട്ടിപ്പണത്തിന്റെ പലിശയായ 840 രൂപ സാങ്കേതിക കാരണത്താൽ കിട്ടാതായിട്ടു പല വർഷങ്ങൾ കഴിഞ്ഞു. ആ വാർഷിക പലിശ വാങ്ങാനുള്ള കടലാസിൽ ഒപ്പിടുക എന്നതാണു ട്രസ്റ്റിമാരുടെ മുഖ്യ ചുമതല). ആനയുടെ നെറ്റിപ്പട്ടം കണക്കെയുള്ള ഒരധികാരരഹിത പദവിയായി ഇന്നു സഭാട്രസ്റ്റി സ്ഥാനങ്ങൾ മാറി. മെത്രാൻ ട്രസ്റ്റിക്കു, സഭയ്ക്കു പ്രയോജനം ഇല്ലെന്നു കണ്ടാൽ, രണ്ടു ട്രസ്റ്റികളെയും നീക്കാമെന്നല്ലേ വട്ടശ്ശേരിൽ തിരുമേനി കാണിച്ച മാതൃക. സഭാ സെക്രട്ടറി സ്ഥാനത്തും മറ്റു സ്ഥാനങ്ങളിലും വോട്ടുപിടിച്ചു കയറി ഇരിക്കുന്നവരെ നിശ്ചിത കാലാവധി കഴിഞ്ഞാൽ മാറ്റി എല്ലാ നിലകളിലും കൂടുതൽ യോഗ്യതയുള്ളവരെ കണ്ടെത്തി സഭയ്ക്കു നവ ജീവൻ നൽകാനുള്ള സാഹചര്യം ഉണ്ടായേ തീരൂ. ഇല്ലെങ്കിൽ സഭ തളരും, വളരുകയില്ല. ❑

“മോശയുടെ വടി സ്ലീബായുടെ മുൻകുറി ആയിരുന്നു. യിസ്രായേൽ ജനം ഫറവോന്റെ അടിമയിൽ കിടന്ന് വളരെ കഷ്ടപ്പെടുമ്പോൾ അവരെ രക്ഷിക്കാനായി ദൈവം മോശയെ അയച്ചപ്പോൾ ഫറവോനോട് എതിർക്കാനായി സൈന്യത്തെക്കൂടി മോശയോടുകൂടി അയച്ചില്ല. പകരം ഒരു വടിയാണ് മോശയ്ക്ക് കൊടുത്തത്. അത് സാധാരണ വടി മാത്രമായിരുന്നു. ആട്ടിടയന്മാർ ഉപയോഗിക്കുന്ന വടി. മോശ ഒരു ആട്ടിടയനായിരുന്നുവല്ലോ. ആ ജോലിക്കായി അവന്റെ കൈവശമിരുന്ന വടി തന്നെയായിരുന്നു അത്. ദൈവം അതിനെ അനുഗ്രഹിച്ച് മോശയ്ക്കു കൊടുത്തു. യിസ്രായേൽ ജനത്തെ രക്ഷിക്കുന്നതിനായി അയച്ച മോശയ്ക്ക് അതിനുള്ള ആയുധമായി ദൈവം കൊടുത്തത് ഒരു വടി മാത്രമായിരുന്നു.”

**- പ. വട്ടശ്ശേരിൽ തിരുമേനി**

## വി. സഭയ്ക്കു വേണ്ടിയുള്ള പ്രാർത്ഥന

ദൈവപുത്രാ, വിശുദ്ധ സഭയ്ക്കു നിരപ്പു കൊടുക്കുകയും അതിൽ നിന്നു ദുഷ്ട ഭിന്നതകളെയും പിരിച്ചിലുകളെയും ഇല്ലാതാക്കുകയും ചെയ്യണമെ. തർക്കങ്ങൾ ഉണ്ടാകാതിരിപ്പാൻ തക്കവണ്ണം അതിന്റെ വാതിലുകളെ നിന്റെ സ്ലീബായാൽ മുദ്ര വയ്ക്കണമെ. തർക്കക്കാരുടെ കലഹിപ്പിക്കുന്ന തർക്കം അതിൽ പ്രവേശിക്കയും അരുതേ.

മ്ശിഹാരാജാവേ, വിശുദ്ധസഭ നിന്നാൽ ഉയർത്തപ്പെടുകയും അതിലെ തലവന്മാരും ശുശ്രൂഷകന്മാരും നിരപ്പാക്കപ്പെടുകയും ചെയ്യണമെ.

കർത്താവേ, വിശുദ്ധ സഭയിൽ സമാധാനം വർദ്ധിക്കയും അതിന്റെ കൂട്ടം ആർപ്പുവിളിക്കയും, അതിന്റെ മക്കൾ സന്തോഷിക്കയും, അതിന്റെ തല ഉയർത്തപ്പെടുകയും, അതിന്റെ മഹത്വം വർദ്ധിക്കയും, അതിന്റെ കിരീടത്തിന് ഉന്നതി ലഭിക്കയും, അതിന്റെ മടി നിറയുകയും, അതിന്റെ മക്കൾ വർദ്ധിക്കയും, അതിന്റെ ശത്രുക്കൾ വീണുപോകയും ചെയ്യണമെ. അതിന്റെ ശത്രുക്കൾ ലജ്ജിക്കയും, അതിന്റെ മക്കളിൽ അത് സന്തോഷിക്കയും, അതിന്റെ കൂട്ടങ്ങളിൽ അത് ആനന്ദിക്കയും, അതിന്റെ ഭരണക്കാരിൽ അത് ഇമ്പപ്പെടുകയും ചെയ്യുമാറാകണമെ. അതിനെ പുതുതാക്കുന്നവർ മഹത്വത്തിന്റെ ശബ്ദങ്ങളാൽ അതിൽ സ്തുതിപാടുമാറാകണമെ.

ഞങ്ങളുടെ കർത്താവെ, നാനാഭാഗങ്ങളിലുള്ള നിന്റെ സഭയെ നീ നിരപ്പാക്കണമെ. തിരുവിഷ്ടപ്രകാരം അതിനെ ശുശ്രൂഷിക്കുന്ന ഇടയന്മാരെ അതിൽ നിയമിക്കണമെ. സത്യപ്രകാശം അതിൽ ശോഭയോടെ പ്രകാശിക്കണമെ. അതു പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യത്തെ സ്തോത്രം ചെയ്തു വന്ദിച്ചു മഹത്വപ്പെടുത്തുവാനായിട്ടു സന്തോഷങ്ങളുടെ മാസങ്ങളെയും ഐശ്വര്യമുള്ള സംവത്സരങ്ങളെയും അതിനു നീ കൊടുക്കണമെ, ആമ്മീൻ.